
വാടാ
മലരുകൾ
ഡിജിറ്റൽ മാഗസിൻ
ജി. എച്ച്. എസ്. എസ് തുമ്പമൺനോർത്ത്


വാടാമലരുകൾ

# ജി .എച്ച്.എസ്.എസ് ഉമ്പമൺ നോർത്ത്



## താളുകളിലൂടെ....................

## താളുകളിലൂടെ....................

ആമുഖം.....5
സന്ദേശം.....7
എഡിറ്റോറിയൽ.....8
എഡിറ്റോറിയൽ ബോർഡ്.....9
ഗാന്ധിജിയുടെ മഹത് വചനങ്ങൾ.....10
കവിത.....12
ഉപന്യാസം.....13
വരകളിലൂടെ.....15
മത്തൻ കുത്രുവേ നീ എവിടേ.......?.....16
പെൻസിൽ ഡ്രോയിംഗ്.....19
പരുക്കേറ്റ കുട്ടി.....20
കാട്ടിലെഭരണം.....23

## ആമുഖം

അറിവിലൂടെ ബുദ്ധിയും കലയിലൂടെ മനസ്സും
വികസിക്കുമ്പോഴാണ് മനുഷ്യനിൽ
യഥാർഥ മനുഷ്യത്വം ഉണ്ടാകുന്നത്.
കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന
സർഗ്ഗവാസനകളെ കണ്ടെത്തുകയും
പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന
ഉദ്ദേശ്യത്തോടെയാണ് ലിറ്റിൽ കൈറ്റ്സിന്റെ
ആഭിമുഖ്യത്തിൽ
ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.
തുമ്പമൺ നോർത്ത് ജി.എച്ച്.എസ്.എസിലെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനഫലമായി
വാടാമലരുകൾ എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറായിക്കഴിഞ്ഞു

ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന
എല്ലാ കുരുന്നുപ്രതിഭകളുടേയും കലാസൃഷ്ടികൾ
ഇതിൽ കോർത്തിണക്കിയിട്ടുണ്ട്.
പാട്ടുകൾ, ചിത്രങ്ങൾ, കഥകൾ, ഉപന്യാസം
എന്നിവ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.



# സന്ദേശം

പൊതുവിദ്യാഭ്യാസ മേഖല വിവര വിനിമയ സാങ്കേതിക രംഗത്ത് അദ്ഭുതാവഹമായ പുരോഗതി കൈവരിച്ചിരിക്കുന്നു.ഈ നേട്ടം നമ്മുടെ സ്ക്കുളും നേടിയിരിക്കുന്നു.

കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ അവരുടെ സർഗ്ഗവാസനയും സാങ്കേതികപരിജ്ഞാനവും പരിപോഷിപ്പിക്കാൻ സഹായകമാണ്.ഈ മാസിക നമ്മുടെ സ്ക്കുളിന് ഒരു മുതൽക്കൂട്ടാവട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

ശാന്തകുമാരി.എൻ



## എഡിറ്റോറിയൽ

പ്രിയ കൂട്ടുകാരെ......

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഞങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ഇത്. ഞങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരുടെ സർഗ്ഗവാസനകൾ എല്ലാ സുമനസ്സുകൾക്കുമായി സമർപ്പിക്കുന്നു.

ആശംസകളോടെ

അക്ഷയ് മോഹൻ

9A

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ    അക്ഷയ് മോഹൻ

എഡിറ്റർമാർ    ദേവിക ദിലീപ്

ആശ വർഗീസ്

ഗോപു കൃഷ്ണൻ

സൂരജ്.റ്റി എസ്

അധ്യാപക പ്രതിനിധികൾ

ശാന്തകുമാരി.എൻ    ഹെഡ്മിസ്ട്രസ്

അമ്പിളി കെ    കൈറ്റ് മിസ്ട്രസ്

ബിന്ദു.റ്റി    കൈറ്റ് മിസ്ട്രസ്

# ഗാന്ധിജിയുടെ മഹത് വചനങ്ങൾ

"ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയുമല്ലാതെ മറ്റൊന്നും എനിക്ക് ലോകത്തെ പഠിപ്പിക്കാനില്ല.''

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക"

"സത്യം ദൈവമാണ്.''

"ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ.''

"എന്റെ ശരീരത്തെ നിങ്ങൾക്ക് തടവിലാക്കാം മനസിനെ ചങ്ങലയ്ക്കിടാനാവില്ല.''

"സത്യം വെറുമൊരു വാക്കല്ല.ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം.''

"എന്റെ ജീവിതമാണ് എന്റെ സന്ദേശം.''

"കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടു പോകും.''



"ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.''

"ആദ്യം നിങ്ങളെ അവർ അവഗണിക്കും പിന്നെ പരിഹസിക്കും,പിന്നെ പുച്ഛരിക്കും,പിന്നെ ആക്രമിക്കും എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം.''

"വിദ്യാർഥികളാണ് ഭാവിയുടെ പ്രതീക്ഷ രാജ്യത്തിന്റെ നാളത്തെ നേതാക്കളാണിന്നത്തെ ചെറുപ്പക്കാർ.''

''മറ്റുള്ളവരിൽ നിന്നും ഒന്നും പഠിക്കാൻ ശ്രമിക്കാത്ത യുവാക്കൾ വഴി തെറ്റുകയാണ്.''

**"ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം."**

**അനഘ സജികുമാർ**

**ക്ലാസ്സ്** 8 B

## കവിത

പുള്ളിയുടുപ്പുമണിഞ്ഞിട്ട്...........

പൂമ്പാറ്റേ നീ എങ്ങോട്ടാ............

പൂന്തോട്ടത്തലെ പൂക്കളൊരുക്കിയ

പൂന്തേനുണ്ണാൻ പോകുന്നു..............

*ഗായത്രി. വിനോദ്*

*STD: 3A*



# ഉപന്യാസം

## യുവത്വം നേരിടുന്ന വെല്ലുവിളികൾ



നാളെയുടെ വാഗ്ദാനങ്ങളാണ് ഓരോ യുവാക്കളും. നാളെ ഈ ലോകത്തിന്റെ കാലചക്രം തിരിക്കുന്നതും ഇവരാണ്. എന്നാൽ ഇന്നത്തെ യുവതലമുറകൾ മദ്യത്തിനും മയക്കമരുന്നിനും

അതുപോലെതന്നെ ഇന്റർനെറ്റിന്റെയും പിറകെ ഓടുകയാണ്. എടുത്ത്

പറയേണ്ടത് മൊബൈൽ ഫോണിന്റെ അമിത ഉപയോഗമാണ്.ഇന്ന് മൊബൈൽ ഫോൺ ഒരു ഉപകരണം മാത്രമല്ല നമ്മുടെ ശരീരത്തിന്റെ

ഭാഗമായിരിക്കുകയാണ്. നാം ഓർക്കണം ഫോണിൻെറ പിറകെ പോയി

എത്ര യുവാക്കളാണ് ഇന്ന് ഓരോ കുരുക്കിലും ചെന്നു ചാടുന്നത് .ഫോൺ

ഉപയോഗിക്കണ്ട എന്നല്ല പറയുന്നത്. ഒരു പരുധി വരെ മാത്രമേ

ഉപയോഗിക്കാവൂ എന്നാണ്. ഒരു കൊച്ചുകുട്ടിയെ എടുത്തുനോക്കിയാൽ

ആ കുട്ടിയുടെ കൈയിലും ഫോൺ ഉണ്ടായിരിക്കും.

വാഹനമോടിക്കുമ്പോൾ സെൽഫോൺ ഉപയോഗിക്കുന്നവരുണ്ട്. ഓരോ

അപകടങ്ങളിലേക്കാണ് അവർ ചെന്നപെടുന്നത്. അനേകായിരം

യുവാക്കളാണ് മരണപ്പെടുന്നത് **നാം ഓർക്കുക,നാളെയുടെ**

**വാഗ്ദാനങ്ങളെ ഓരോ യുവാക്കളെയും വാർത്തെടുക്കേണ്ടത് ഈ സമൂഹമാണ് . അതുകൊണ്ട് നമ്മുടെ സമൂഹം ഒറ്റക്കെട്ടായി നിന്ന്**

**യുവാക്കളെ നേർപാതയിൽ കൊണ്ടെത്തിക്കുവാൻ ശ്രമിക്കുക.**

# വരകളിലൂടെ........




ജ്



# മത്തൻ കുരുവേ നീ എവിടേ.......?

അമ്പിളിയും ശാലുവും ഉച്ചയൂണ് കഴിഞ്ഞ്
പുറത്തിറങ്ങി.സ്കൂളിന്റെ അടുക്കളയിൽ
അവർ  ഒരുകാര്യം ഒളിപ്പിച്ച വച്ചിട്ടുണ്ട്
അവർ എന്നും  അതെടുത്ത് നോക്കും
ഇന്നും അതിനാ പോകുന്നത്.
അടുക്കളവരാന്തയിലെ  ജനലിൻെ
പൊത്തിൽ നിന്ന് ആമിന അതെടുത്തു.
ഒരുമത്തൻ കുരു ഉള്ളം  കൈയിൽ വച്ച്
ആമിന കുരു ശാലുവിന് കാട്ടികൊടുത്തു.
ശാലുവിന് കാട്ടിക്കൊടുത്തു. ശാലുവിന്
കൗതുകം . അവൾ തിരിച്ചും മറിച്ചും

നോക്കി ആ കുരു ഒറ്റത്തട്ട് ശങ്കരൻ

ഓടിപ്പോയി ആമിന കരഞ്ഞു വിളിച്ചു.

കണ്ടില്ല.

മുറ്റത്തിറങ്ങി നോക്കി അതാ മത്തൻ

കുരുവേ നീ എവിടെയാണ്?

അവൾ ചുറ്റും

നോക്കി

ഒരിടത്തും

കണ്ടില്ല.



നാളുകൾ കടന്നു

പോയി. ഒരു ദിവസം ആമിന വെള്ളം

കുടിക്കാൻ അടുക്കളയിൽ വന്നപ്പോൾ

ആരോ അവളെ വിളിക്കുന്നു. അവൾ ചുറ്റും


നോക്കി അവൾ ആരെയുംകൈകൾ ഉയർത്തി നിൽക്കുന്നു. ആമിനേ ഇത് ഞാനാ . മത്തൻ കുരു ഞാൻ നിനക്ക് ഒരു സമ്മാനം തരാം പിടിച്ചാ .

ഇവനെ എന്റെ മത്തൻക്കുട്ടനെ ഒരു സ്നേഹസമ്മാനമായി ഒരു മുഴുത്ത മത്തനെ ആമിനയ്ക്കു കൊടുത്തു. ആ മത്തൻ വള്ളികൾ ചരിച്ചു...

ആർദ്ര രാജേഷ്

ക്ലാസ്സ് 3

# പെൻസിൽ ഡ്രോയിംഗ്



**പരുക്കേറ്റ കുട്ടി**

*അരികത്തമ്പോട്ട വരുന്നുണ്ടമ്മേ*
*ഞാൻ*
*കരയായ് കോവനേ,കരൾ വാടി*
*പുരികവും ചുണ്ടും ചുളിച്ച നീ വിങ്ങി-*
*ക്കരയായ് കോവനേ വരുന്നു ഞാൻ*
*പനിനീർച്ചെമ്പകച്ചെറുമുള്ളറ്റ*
*നിൻ*
*കുരുന്നു കൈവിരൽ*
*മുറിഞ്ഞിനേ!*
*തനിയേ തൈമാവിൽ*
*കയറിവീണവൻ*
*ചെറുകാൽ മുട്ടുകൾ*
*ചതഞ്ഞിതേ!*
*മുറിച്ചിട്ടാപട്ടം മുകളിൽ*
*നിന്നയ്യോ*
*മുറിച്ചിതേ പൊന്നിൻ നെറുകെയ്യും*
*മുറിയിൽ കട്ടിൻമേൽ കയറി-*
*ച്ചാഞ്ചാടി*
***തറയിൽ വീണീപ്പൂങ്കവിളും നീ.***



**ആശ വർഗീസ്**

## ക്ലാസ്സ് 9A



# കാട്ടിലെഭരണം

ഒരിക്കൽ ഒരു
സിംഹം കാട്ടിലെ
രാജാവായി.അന്ന്
രാജാവിനെ
എല്ലാവരും പുക
ഴ്ത്തി.പിന്നെ രാ
ജാവിനെ ആർക്കും
ഇഷ്ടമല്ലാതായി.



കരടിയെ വിളിച്ചു,സിംഹത്തിനെ ആർക്കും
ഇഷ്ടമല്ലാതിരുന്നിട്ടുകൂടിയും ,സിംഹത്തിന് അസുഖംവന്നപ്പോൾ
സഹതാപം തോന്നി.സിംഹത്തിന് അസുഖം കൂടിയെന്ന്
ഡോക്ടർ അറിയിച്ചു, ഇതറിഞ്ഞ മറ്റു ജീവികൾ സങ്കടപ്പെട്ടു.
സിംഹം അസുഖത്തിൽ നിന്ന് കരകയറി. കുറച്ചു നാളുകൾ
കൾ കഴിഞ്ഞപ്പോൾ സിംഹം പൂർണ ആരോഗ്യം
തിരിച്ചെടുത്തു.
അതിനു ശേഷം അദ്ദേഹം തന്റെ അസൂയഭരണം മാറ്റി
നല്ല രാജാവായി മാറി.

അഭിരാമി അനിൽകുമാർ
ക്ലാസ്സ് 7 A





—




By


നന്ദന. സാബു
6.A

# കണിക്കൊന്ന പൂത്തപ്പോള്

വിഷുക്കാലം വന്നല്ലോ
കണിക്കൊന്ന പൂത്തല്ലോ
കണ്ണിനു കണിയായി
പൊന്നിൻ നിറമായല്ലോ

വിഷുപ്പക്ഷി പാടുന്നു
വിത്തെല്ലാം വിതയ്ക്കാറായ്
കണിമുമ്പിൽ നിറയുവാൻ
കതിരിട്ടു പാടങ്ങൾ

പൊൻതളിക ഒരുക്കുന്നു
കണിവെള്ളരി കണ്ണിമാങ്ങ
കൃഷിക്കാലം  പൊലിക്കട്ടേ
അകമെല്ലാം നിറയട്ടേ




ശ്രീഹരി . എസ്
Std. II

# എലിയും പൂച്ചയും

ഒരു ദിവസം പൂച്ച ആഹാരം തേടി
വരുകയിരുകയിരുന്നവേട്ടക്കാർ
പൂച്ചയുടെ നേരേ ഒരു വലിയ
അപ്പോഴാണ് ഒരു എലി അതുവഴി
നടന്നു പോയത് പൂച്ച എലിയോട്
ചോദിച്ചു നി എന്നെ രക്ഷിക്കാമോ.
എലി അലോചിച്ചു ഇവനെ ഞാൻ
രക്ഷിച്ചാൽ ഇവൻ എന്നെ തിന്നു
കളയില്ലേ രക്ഷിച്ചേക്കാം എന്നു
പറഞ്ഞ എലി പൂച്ചയെ രക്ഷിക്കാൻ

തുടങ്ങി . എലി പൂച്ചയെ രക്ഷിച്ചു കഴി


ഞ്ഞപ്പോൾ പൂച്ചയുടെ മട്ട് മാറി.

പാവം എലിക്ക് അതു മനസിലാക്കാൻ

കഴിഞ്ഞില്ല.

പൂച്ച ഉടനെ ആ പാവം എലിയെ

*ഭക്ഷിച്ചു.*



*സവിൻ സജിത്ത്*
*ക്ലാസ്സ് 7*



Alen sam K FRanc
STD: VIII A

# ആനയും മുയലും

ഒരിടത്ത് ഒരു ആനയും മുയലും ഉണ്ടായിരുന്നു അപ്പോൾ ആന മുയലിനോട്ചോദിച്ചു കാട്ടിലേക്ക് പോകുന്നില്ലേ ആനയോട് മുയൽ ചോദിച്ചു ആനയോട് എന്റെകൂടെ വരിന്നില്ല ഞാനും കാട്ടിലേക്ക് വരുന്നു കാട്ടിൽ നിന്ന് ഒരു പുലി ചാടിവന്നു അപ്പോൾ പുലിയോട് ആന ചോദിച്ചു നി ഇത്രയും നേരം എവിടെയായിരുന്നു അപ്പോൾ പുലി പറഞ്ഞു
കാട്ടിൽ ഉണ്ടായിരുന്നു.ഞങ്ങൾ നിന്നെ അന്വേഷിച്ച് നടക്കുകയായിരുന്നു.കാട്ടിൽ നിന്ന് ഒരു സിംഹം ഇറങ്ങി-യിട്ടുണ്ട് നിങ്ങൾ ഒന്നും കാട്ടിലേക്ക് വരുന്നില്ലേ.സിംഹം കാട്ടിലേക്ക് പോയപ്പോൾ സിംഹം ആനയുടടുത്ത് വന്നു. നിങ്ങൾ ഒന്നിം വരുന്നില്ലേ.ഞാൻ പോകുകയാ നിങ്ങൾ കാട്ടിലേക്ക് വരണം സിംഹം ദേഷ്യപ്പെട്ട് അവരെല്ലാവരേ-യും വിളിച്ചുകൊണ്ട് കാട്ടിലേക്ക് വന്നു.ആന നടന്നും മുയൽ
ചടിയും പോയി.കാട്ടിൽ ചെന്നപ്പോൾ മരങ്ങളും തടികളും കണ്ടു.ആനയും സിംഹവും വഴക്കുണ്ടാക്കി.മുയൽ പറഞ്ഞു നിങ്ങൾ വഴക്കുണ്ടാക്കാതിരിക്ക്.പുലി പറഞ്ഞു നിർത്താം എന്നു.കാട്ടിലേക്ക് പോകാം അവർ തിരിച്ചു പോന്നു. പിന്നീട് ഒത്തുചേർന്നു.ആനയും മുയലും പുലിയും സിംഹവും ഇവർ എല്ലാവരും ഉണ്ടായിരുന്നു.



-NEETHU BINU





# പാപത്തിന്റെഫലം

ഒരിടത്ത് ഒരിടത്ത് ഒരു വേട്ടക്കാരൻ താമസിച്ചിരുന്നു . അയാൾ ക്കു ഒരു ഭാര്യ ഉണ്ടായിരുന്നു. ആ ഭാര്യ ഗർഭിണിയായിരുന്നു. ഒരു ദിവസം ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് വേട്ടക്കാരൻ വേട്ടയ്ക്ക് ഇറങ്ങി.

അങ്ങനെ ഒരു ഗർഭിണിയായ കുരങ്ങനെ കണ്ടു. അയാൾ തന്റെ തോക്കെടുത്ത് കാഞ്ചി വലിച്ചു. തന്നെ കൊല്ലാൻ പോകുകയാണെന്നറിഞ്ഞ കുരങ്ങൻ വയറ്റിൽ കൈ വെച്ച് പറഞ്ഞു ഞാൻ ഗർഭിണിയാണ് എന്നെകൊല്ലരുത്. അത് കേൾക്കാതെ സ്വന്തം ലാഭത്തിനായി അയാൾ ആ പാവം മൃഗത്തെ വെടിവെച്ച് വീഴ്ത്തി. പിന്നെ ദിവസങ്ങൾക്ക് ശേഷം അയാളുടെ ഭാര്യ പ്രസവിച്ചു. എല്ലാവരും അത്ഭുതപ്പെട്ടു. മനുഷ്യന്റെ ഉടലും കുരങ്ങന്റെ തലയും ഉള്ള കുഞ്ഞ്. അവർ അതിനെ കുട്ടിലിട്ട് വളർത്തുകയും അത് മരിച്ചു.

അന്ന് അയാൾ ചെയ്ത് പാപത്തിന്റെ ഫലമായി തന്റെകുഞ്ഞിനെ നഷ്ടമായി.

അപർണ രവി
ക്ലാസ്സ് 9A




Leeha VAR
VARGHESE

## ഓർമ്മയുടെ ജാലകം

ഓർമ്മതൻ ജാലകവാതിൽ തുറന്നെത്തി
കണ്ണിന്റെ കാഴ്ചയാം കൂട്ടുകാരി........
അന്ന് വിദ്യാലയത്തിൽ പടിയിറങ്ങുമ്പോൾ
നിറകണ്ണുമായെന്ന് വാരിപ്പുണർവൾ .........
പൊട്ടിക്കരഞ്ഞു പിരിഞ്ഞു ഞങ്ങൾ
കത്തിയെരിയുന്ന മനസ്സുമായി
ഇനിയെന്നു നമ്മൾ കണ്ടുമുട്ടും
കഥചൊല്ലിരസിച്ചു പറക്കും.........
പറന്നുയുരനായി കൊതിക്കുന്ന
കണ്ണുകൾ വാടിതളരുന്ന പൂചിറക്.........
നീതാനെൻ ജീവിതം നീതാനെൻ ധൈര്യം
നീയെനൻ മനസ്സിലെ  മാരിവില്ലായ്
ഏഴേഴ വർണങ്ങൾ  ചൊരിഞ്ഞതില്ലയോ.........
ഇന്നു നീയെന്നിൽ എൻ ജീവിതത്തിൽ
കുരിരുൾ പക്കി പറന്നു പോയി.........
എന്റെ ജീവാംശമെയിന്നു നീയെവിടെയാണ്
എന്നെ തനിച്ചാക്കിയെങ്ങുപൊയി.........
എന്റെ ജീവിതം ഇന്നുനീയില്ലാതെ
ശ്വാസം നിലക്കുന്നു നിൻപ്രിയയ്ക്ക്
എന്റെ രാഗമായ് എൻ ജീവിത താളമായ്
എൻ ശ്വാസനാളമായെന്നെ പുണരൂ.........

**എന്റെ ജീവന്റെ ജീവനാം കൂട്ടുകാരി........**




*മീനാക്ഷി ആർ കുറുപ്പ്*
*ക്ലാസ്സ് 7*


എന്റെ വീട് ഞാൻ വരച്ച വീട് എന്റെ സ്വന്തം

# ജനാധിപത്യം-ഉപന്യാസം

ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ജനങ്ങളെഭരിക്കുന്നതാണ്ജനാധിപത്യഭരണം. ജനാധിപത്യഭരണത്തെപറ്റിയുള്ള ലോകപ്രശസ്തമായ നിർവചനം കേട്ടിരിക്കാത്തവർ കുറവാണ്.രാഷ്ട്രത്തിന്റെ അഭിവൃദ്ധി അഥവാ ജനങ്ങളുടെ ക്ഷേമം ഇതാണ് ജനാധിപത്യം ലക്ഷ്യം വയ്ക്കുന്ന പ്രഥമലക്ഷ്യം.

അനേകം ലോകരാഷ്ട്രങ്ങൾ ജനാധിപത്യവ്യവസ്ഥിതി പിൻതുടരുന്നുണ്ട്. ലോകത്തിലെ രാഷ്ട്രങ്ങളിൽ ചിലതായ അമേരിക്ക,ബ്രിട്ടൺ,ഫ്രാൻസ് എന്നിവിടങ്ങളിലും ജനാധിപത്യവ്യവസ്ഥിതി പിൻതുടരുന്നുണ്ട്.ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രം ഭാരതമാണ്.


ജനാധിപത്യഭരണത്തിന്റെ ഏറ്റവും വലിയ സവിശേഷത അത് ഓരോ വ്യക്തികൾക്കും അർഹതപ്പെട്ട അവകാശങ്ങളും സ്വാതന്ത്ര്യവും ഉറപ്പാക്കുവെന്നതാണ്.ഓരോ വ്യക്തിക്കും  അർഹതപ്പെട്ട നീതി നടപ്പാക്കുകയെന്നത് ജനാധിപത്യത്തിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്നാണ്.ജനാധിപത്യം ഉയർത്തുന്ന മറ്റൊരു പ്രധാന ആശയം സാമൂഹ്യ സമത്വമാണ്.

എന്നാൽ ജനാധിപത്യത്തിന്റെ ചില ദോഷവശങ്ങൾ കൂടി പരാമർസിക്കാതെ വയ്യ.ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് ജനാധിപത്യം കണക്കിലെടുക്കുന്നത്.അതുകൊണ്ട് തന്നെ അത് എപ്പോഴും ശരിയാകണമെന്നില്ല.തെറ്റായ രാഷ്ട്രീയബോധവൽക്കരണം വഴി അർഹതയില്ലാത്തവർ അധികാരത്തിലേറുന്ന അവസ്ഥ ജനാധിപത്യത്തിലുണ്ടാകാം.മറ്റൊന്ന് ചെലവേറിയ ഒന്നാണ് രാജ്യത്തിലെ അടിയ്ക്കടിയുള്ള തെരഞ്ഞെടുപ്പുകൾ.എന്നാൽ ഇത്തരം എണ്ണിയാലൊടുങ്ങുന്ന പരിമിതികൾ മാറ്റി നിർത്തിയാൽ മറ്റേതൊരു വ്യവസ്ഥിതിയേക്കാളും ഒരു പടി മുന്നിൽ തന്നെയാണ് ജനാധിപത്യം.

ബിൻസി യോഹന്നാൻ
ക്ലാസ്സ് 10


Gayathri vinod
class: III


കൃഷ്ണമധു


വിരൽചിത്രങ്ങൾ


"പൂക്കളിയാടും പൂമണിത്തിട്ട്....
പൂമ്പാറ്റേ നീ എങ്ങോട്ടാ....."
"പൂന്തോട്ടത്തിലെ പൂക്കളൊരുക്കിയ
പൂന്തേനുണ്ണാൻ പോകുന്നു...."
Class: III


AJEESH.K
ക്ലാസ് - 4


വീട് നല്ല വീട് ഞാൻ
വരച്ച വീട്
എന്ത് നല്ല വീട്
എന്റെ സ്വന്തം വീട്
നിറമുള്ള വീട്
AARDRA
RAJESh

# ഞങ്ങളുടെ അധ്യാപകർ














"കുഞ്ഞുങ്ങളും പുഷ്പങ്ങളും
ശുദ്ധവും നിർമ്മലവുമാണ്
അവയെ ശുദ്ധമായി വേണം
കൈകാര്യം ചെയ്യാൻ"
ജവഹർലാൽ നെഹ്റു [1889-1964]



















# ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ



# കടപ്പാട്........

ഈ മാഗസിന്റെ രൂപകല്പനയിൽ സഹകരിച്ച എല്ലാ കുട്ടുകാർക്കും ഞങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും തന്ന അധ്യാപകർക്കും ഹെഡ്മിസ്ട്രസിനും നന്ദി......

